**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2353** **11/10/2011-ൽ മറുപടിക്ക്**

**കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ നടപടി**

**ചോദ്യം**

ശ്രീ. എ. കെ. ശശീന്ദ്രൻ :
" തോമസ് ചാണ്ടി

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും വേർപെടുത്തി ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിച്ചിരുന്നോ; | എ) | നിയമിച്ചിരുന്നു. |
| ബി) | ഉണ്ടെങ്കിൽ വിദഗ്ധ സമിതിയെ നിയമിക്കാനിടയായ സാഹചര്യവും വിദഗ്ധ സമിതി അംഗങ്ങളുടെ പേര് വിവരങ്ങളും വ്യക്തമാക്കുമോ; | ബി) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ സ്ഥാപിച്ചുകൊണ്ടുള്ള 29.04.1999 ലെ ജി.ഒ (എം.എസ്) 100/99/പൊ.വി. നമ്പർ ഉത്തരവിൽ തന്നെ ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും ക്രമേണ വേർപ്പെടുത്തി ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി.യുടെ 45-ാമത് ഗവേണിംഗ് ബോഡി തീരുമാനത്തിന്മേൽ 18.08.2008 ലെ ജി.ഒ. (ആർ.ടി) നം. 3771/08/പൊ.വി. പ്രകാരം ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. അച്യുതന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചു. വിദഗ്ധ സമിതിയിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഈ വിദഗ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയെന്നും ഈ റിപ്പോർട്ടിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | സി) | ഉണ്ട്. പ്രധാന ശുപാർശകൾ അനുബന്ധം I ആയി ചേർക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിച്ച് State Council for |

(........2)

Open and Lifelong Education, Kerala (SCOLE- Kerala)എന്ന പേരിൽ സൊസൈറ്റി രൂപീകരിക്കുന്നതിനുവേണ്ട മെമ്മോറാണ്ടം ഓഫ് അസോസിയേഷനും (MOA) ചട്ടങ്ങളും അംഗീകരിച്ചുകൊണ്ട് സർക്കാർ 1.03.2011 ൽ ജി.ഒ. (എം.എസ്) 65/2011/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.